LIBRARY ARCHIVES Kerala Legislative Assembly

അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടം

222 (5576) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ എത്ര അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട് ; നിയോജകമണ്ഡലാടിസ്ഥാനത്തിൽ കണക്ക് ലഭ്യമാക്കാമോ ;

(ബി) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എത്ര അങ്കണവാടികൾ പാലക്കാട് ജില്ലയിലുണ്ട് ; നിയോജകമണ്ഡലാടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കുമോ ;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം പാലക്കാട് ജില്ലയിലെ എത്ര അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിച്ചു നൽകി ; വിശദാംശം നിയോജകമണ്ഡലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ ;

(ഡി) സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിച്ചു നൽകുവാൻ എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളത്; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) പാലക്കാട് ജില്ലയിൽ നിലവിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ - 2835

നിയോജകമണ്ഡലാടിസ്ഥാനത്തിലുള്ള കണക്ക് ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	നിയോജകമണ്ഡലം	അങ്കണവാടികളുടെ എണ്ണം
1	ആലത്തൂർ	197
2	ചിറ്റൂർ	226
3	കോങ്ങാട്	256
4	മലമ്പുഴ	257
5	മണ്ണാർക്കാട്	354
6	നെന്മാറ	273
7	ഒറ്റപ്പാലം	234
8	പാലക്കാട്	164
9	പട്ടാമ്പി	217
10	ഷൊർണ്ണൂർ	229
11	തരൂർ	201
12	തൃത്താല	227
	ആകെ	2835

(ബി) പാലക്കാട് ജില്ലയിൽ വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ - 570

നിയോജകമണ്ഡലാടിസ്ഥാനത്തിലുള്ള കണക്ക് ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	നിയോജകമണ്ഡലം	അങ്കണവാടികളുടെ എണ്ണം
1	ആലത്തൂർ	48
2	ചിറ്റൂർ	31
3	കോങ്ങാട്	33
4	മലമ്പുഴ	56
5	മണ്ണാർക്കാട്	76
6	നെന്മാറ	45
7	ഒറ്റപ്പാലം	41
8	പാലക്കാട്	65
9	പട്ടാമ്പി	39
10	ഷൊർണ്ണൂർ	38
11	തൃത്താല	74
12	തൃത്താല	24
	ആകെ	570

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെട്ടിടം നിർമ്മിച്ചു നൽകിയ അങ്കണവാടികളുടെ എണ്ണം - 385

നിയോജകമണ്ഡലാടിസ്ഥാനത്തിലുള്ള കണക്ക് ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	നിയോജകമണ്ഡലം	അങ്കണവാടികളുടെ എണ്ണം
(1)	(2)	(3)
1	ആലത്തൂർ	36
2	ചിറ്റൂർ	22
3	കോങ്ങാട്	19
4	മലമ്പുഴ	36
5	മണ്ണാർക്കാട്	43
6	നെന്മാറ	37
7	ഒറ്റപ്പാലം	65
8	പാലക്കാട്	19

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
9	പട്ടാമ്പി	12
10	ഷൊർണ്ണൂർ	50
11	തൃശ്ശൂർ	20
12	തൃത്താല	26
	ആകെ	385

(ഡി) സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിച്ചു നൽകുന്നതിന് നിലവിൽ നബാർഡ് - ആർ.ഐ.ഡി.എഫ്. പദ്ധതി, എം.എൽ.എ. ഫണ്ട് ജില്ലാ/ഗ്രാമപഞ്ചായത്ത് ഫണ്ട്, സ്റ്റേറ്റ് പ്ലാൻ ഫണ്ട്. സെൻട്രൽ സ്കീം എന്നീ പദ്ധതികളാണ് ഉള്ളത്.

ഭിന്നശേഷിയുള്ളവർക്ക് നിയമനം നൽകാനുള്ള പദ്ധതി

223 (5577) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഭിന്നശേഷിയുള്ളവർക്ക് നിയമനം നൽകാനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശാരീരിക വൈകല്യങ്ങളാൽ പലവിധ പരാധീനതകൾ കൊണ്ട് ബുദ്ധിമുട്ടുന്ന ഭിന്നശേഷിയുള്ളവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരിക, അതിലൂടെ വികലാംഗ സംരക്ഷണ നിയമം പരിപാലിക്കുക എന്നിവയാണ് ഉദ്ദേശലക്ഷ്യങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly